**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **08-02-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ കല്പിത സർവകലാശാലകൾ അനുവദിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ കല്പിത സർവകലാശാലകൾ അനുവദിക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ കല്പിത സർവകലാശാലകൾ അനുവദിക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടില്ല. സ്വകാര്യ കല്പിത സർവകലാശാലകൾ സംബന്ധിച്ച വിഷയത്തിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ.ശ്യാം ബി. മേനോൻ, (പ്രൊഫസർ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, ഡൽഹി സർവകലാശാല), പ്രൊഫ. സാബു തോമസ് (വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാല) എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവകലാശാലകൾ ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | പ്രസ്തുത സർവകലാശാലകൾ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുമെന്ന് കരുതുന്നുണ്ടോ; | (സി) | (ബി)-യിൽ നൽകിയിരിക്കുന്നു. |
| (ഡി) | ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | (ബി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ